പെരുമാറ്റത്തിലോ ഒരു അപാകതയെങ്കിലും പരിശോധിച്ചിട്ടുള്ള ഏതാണ്ടെല്ലാ വിപണന കേന്ദ്രങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ എല്ലാ അപാകതകൾക്കും അതാതു കേന്ദ്രങ്ങളിൽ നിന്ന് തന്നെ തിരുത്തലുകൾ വാങ്ങുകയും, ഗൗരവമുള്ളതെങ്കിൽ പിഴയടപ്പിക്കുകയോ സ്ഥലംമാറ്റമുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാക്കുകയോ ചെയ്തിട്ടുണ്ട്. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളും, ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച നടപടികളും അനുബന്ധം (V) ആയി ചേർക്കുന്നു.*

(ഇ) ചില മാവേലി സ്റ്റോറുകളിലെ സ്ഥല പരിമിതിമൂലവും, ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗികമായ കാരണങ്ങൾകൊണ്ടും ചില അവസരങ്ങളിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാറുണ്ട്. സപ്ലൈകോയുടെ എല്ലാ വിൽപ്പന ശാലകളിലും അവശ്യ സാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കാനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. സപ്ലൈകോ വഴി 13 ഇനം അവശ്യ വസ്തുക്കൾക്ക് പൊതുവിപണിയേക്കാൾ 20% മുതൽ 35% വരെ കുറച്ചാണ് സബ്സിഡി നിരക്കിൽ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. സപ്ലൈകോയിലെ ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ അവിശുദ്ധ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് വകുപ്പിന് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടം

32(5796) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി വിഹിതത്തേക്കാൾ എത്ര ഇരട്ടി തുകയാണ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കെ.എസ്.ടി.പി :

ഈ സർക്കാരിന്റെ കാലത്ത് 31-3-2013 വരെ 275 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി കെ.എസ്.ടി.പി.-ക്ക് ലഭിച്ചത്. ഈ കാലയളവിൽ 285.26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. 31-3-2013 വരെ നിർമ്മാണ പ്രവൃത്തികൾക്കും കെ.എസ്.ടി.പി. ഒന്നിന്റെ ബാലൻസ് ജോലികൾക്കും ലാന്റ് അക്വിസിഷൻ, എൽ.എ.ആർ. കേസുകൾ, ഒന്നാം ഘട്ടത്തിന്റെ ഗ്യാപ് വർക്കുകൾ എന്നിവയ്ക്കുവേണ്ടി 297.02 കോടി രൂപ ചെലവഴിച്ചു.

കെട്ടിട വിഭാഗം ;

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ പദ്ധതി വിഹിതം 85.78 കോടി രൂപയും പദ്ധതി ചെലവ് 175.37 കോടി രൂപയുമാണ്. വിഹിതത്തേക്കാൾ രണ്ടിരട്ടി ചെലവഴിച്ചു. 2009-10 സാമ്പത്തിക വർഷം അനുവദിച്ച വർക്കുകൾ നടപടിക്രമങ്ങൾ പൂർത്തിയായി പണികൾക്കുള്ള പേയ്മെന്റ് 2011-12-ലും 2012-13-ലും ആണ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളത്.

നിരത്തുകളും പാലങ്ങളും :

പദ്ധതി വിഹിതം 2011-12 സാമ്പത്തിക വർഷം 588.37 കോടി രൂപയും ചെലവ് 1620.27 കോടി രൂപയുമാണ്. 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം 541.08 കോടി രൂപയും ചെലവ് 1785 കോടി രൂപയുമാണ്. പദ്ധതി വിഹിതത്തേക്കാൾ 2011-12 സാമ്പത്തിക വർഷം 2.795 ഇരട്ടിയും 2012-13 സാമ്പത്തിക വർഷം 3.3 ഇരട്ടിയും ചെലവഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ പാതാ വിഭാഗം :

ക്രമ നമ്പർ	വർഷം	പദ്ധതി വിഹിതം	ചെലവ് (ലക്ഷത്തിൽ)
1.	2011-12	3910.84	6020.83
2.	2012-13	4959.86	15800.01

2011-12 കാലയളവിൽ 1.54 ഇരട്ടിയും (153.95%)

2012-13 കാലയളവിൽ 3.19 ഇരട്ടിയും (318.58%) ചെലവഴിച്ചു.

(ഡി) മേൽ സാമ്പത്തിക വർഷങ്ങളിൽ ദ്രുതഗതിയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ ഡിവിഷൻ ഓഫീസുകളിൽ നിന്ന് സമർപ്പിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ EMLI സോഫ്റ്റ്വെയറിൽ കൂടി സർക്കാരിൽ സമർപ്പിച്ച് ലെറ്റർ ഓഫ് ക്രെഡിറ്റ് നേടിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടം കൈവരിച്ചത്.

കൺസൂക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ

33(3277) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൺസൂക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത ഓരോ പൊതുമരാമത്ത് പ്രവൃത്തികളുടെയും ടെണ്ടർ തുകയും ഇവ പൂർത്തീകരിച്ചതിനുശേഷം ഫൈനൽ ബിൽ തുകയും എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ കൺസൂക്ഷൻ കോർപ്പറേഷൻ നേരിട്ടാണോ നടത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) അല്ലെങ്കിൽ ഏത് രീതിയിലാണ് ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നുള്ള വിശദാംശം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly